# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 1, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖം - സഹകരണ വകുപ്പ് മന്ത്രി**

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി</u>**

*331 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രയൽ റണ്ണിനൊരുങ്ങുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അംഗീകാരങ്ങളും അനുമതിയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇനി ഏതെല്ലാം അനുമതിയും അംഗീകാരങ്ങളുമാണ് ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ;

(സി) അനുമതികൾ സമയബന്ധിതമായി നേടിയെടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ഡി) കസ്റ്റംസ് പോർട്ട് എന്ന അംഗീകാരം ലഭിച്ചതിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് നടത്താൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ട്രഷറി തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നടപടി</u>**

*332 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## <u>പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി</u>

*333 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഉത്തരേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട കമ്പനികൾ വൻതോതിൽ പരുത്തി വാങ്ങി സംഭരിക്കുന്നത് പരുത്തിയുടെ വിലവർദ്ധനവിന് കാരണമാകുന്നു എന്നത് വസ്തുതയാണോ;

(സി) എങ്കിൽ ഇത് തടയാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

## <u>നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

*334 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി

അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിലെ പ്രതീക്ഷിത വരുമാനം</u>**

*335 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിൽ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ വരുമാനം നേടുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയ അവസരത്തിൽ തന്നെ അത് നടപ്പാക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് കോമ്പൻസേഷൻ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ; കേന്ദ്ര സർക്കാരിൽ നിന്നും നിലവിൽ ഈ ഇനത്തിൽ തുക ലഭ്യമാകുന്നുണ്ടോ;

(സി) ജി.എസ്.ടി. നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി രാജ്യത്ത് ആദ്യമായി വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് ഈ രംഗത്തെ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗ്</u>**

*336 **ശ്രീ. മുരളി പെരുനെല്ലി**
**ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളത്തിന് നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായ സൗഹൃദ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ ലക്ഷ്യം എന്താണ്; പ്രസ്തുത ലക്ഷ്യം നേടുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള നിയമഭേദഗതികൾ വ്യവസായ സൗഹൃദ റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിലൂടെ കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി</u>**

*337 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. പി. വി. അൻവർ**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മേഖലയിൽ നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവനമേഖല താരതമ്യേന ഒരു പുതിയ മേഖലയാണ് എന്നതിനാൽ നികുതി പിരിവ്, നികുതി വെട്ടിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

## <u>പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ നടപടി</u>

*338 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ ആകെ തൊഴിലാളികളിൽ ഗണ്യമായ പങ്ക് ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ ശ്രുപപ്പെടുത്താമെന്നത് കണക്കിലെടുത്ത് കയർ, കശുവണ്ടി, കൈത്തറി, ഖാദി എന്നിവയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവൽക്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംഭരണം, വിതരണം എന്നിവയുൾപ്പെടെ ആവശ്യമായ ലോജിസ്റ്റിക്സ് പിന്തുണ ഒരുക്കിക്കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം</u>

*339 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4% സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമാകുന്നുവെന്ന നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വരുമാനത്തിന്റെയും ചെലവിന്റെയും അനുപാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പത്താം ധനകാര്യ കമ്മീഷൻ കാലയവളവിൽ നിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലേയ്ക്ക് എത്തുമ്പോൾ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചു വന്നിരുന്ന വിഹിതം കുറഞ്ഞു വരുന്ന സാഹചര്യമുണ്ടോ; വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നിന്ന് ജി.എസ്.ടി. നഷ്ടപരിഹാര സെസ്സ് പിരിച്ചെടുക്കുന്നുണ്ടോ; എങ്കിൽ ഇതിൽ നിന്നും ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടപരിഹാരം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് ഇനങ്ങളിൽ സംസ്ഥാനത്തു നിന്നും കേന്ദ്രസർക്കാർ പിരിക്കുന്ന തുകയെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## സഹകരണ വകുപ്പിന്റെ സാമൂഹ്യ ഇടപെടലുകൾ

*340 **ശ്രീ ആന്റണി രാജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന പുതിയ ഇടപെടലുകൾ നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്ക് ഉപയുക്തമാക്കുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിച്ച് വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സാധാരണക്കാരായ സഹകാരികളെ അവരുടെ വ്യക്തിപരമായ വിഷമ ഘട്ടങ്ങളിൽ സഹായിക്കുന്നതിനായി എന്തെല്ലാം സ്കീമുകളാണ് നിലവിലുള്ളത്;

(ഡി) സാംസ്കാരിക മേഖലയിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ ശക്തമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി

*341 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം വ്യവസായങ്ങളിൽ പകുതിയോളം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആണെന്നത് ധനകാര്യവകപ്പിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പുതിയ കാർഷികാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, പ്രവർത്തന മൂലധനം തുടങ്ങിയവ പ്രസ്തുത വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കാർഷികോത്പാദന രംഗത്തിനും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ-ചെറുകിട യന്ത്രങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>ഊർജ്ജ കേരള മിഷൻ</u>

*342 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഊർജ്ജ കേരള മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഊർജ്ജ രംഗത്ത് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ വൈദ്യുതി വിതരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

## <u>സഹകരണ ബാങ്കുകളുടെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കാൻ നടപടി</u>

*343 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ രമേശ് ചെന്നിത്തല**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സോഫ്റ്റ്‌വെയർ കാര്യക്ഷമമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഇവ പര്യാപ്തമാണോയെന്നും അറിയിക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുഗമമാക്കാൻ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ

*344 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകാരികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതി സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാധാരണക്കാരായ വിദ്യാർത്ഥികളേയും യുവാക്കളേയും തൊഴിലന്വേഷകരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് നൈപുണ്യ വികസന വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണമേഖലയിലൂടെ പരമ്പരാഗത ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച നേടിയെടുക്കാനും ഇതിലൂടെ പ്രസ്തുത മേഖലകളിൽ ആഗോള അംഗീകാരം നേടിയെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സപ്ലൈ കോഡ് ഭേദഗതി

*345 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങൾക്ക് ഗാർഹിക നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള സപ്ലൈ കോഡ് ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ; ഭേദഗതി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്ത് ഉണ്ടാകുന്ന നേട്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഭേദഗതികളാണ് സപ്ലൈ കോഡിൽ നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഭേദഗതി സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടിയിരുന്നോ; വിശദമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട എല്ലാത്തരം സേവനങ്ങളും ഓൺലൈനാക്കാൻ പ്രസ്തുത ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## ട്രഷറി പ്രവർത്തനം കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ

*346 **ശ്രീ രമേശ് ചെന്നിത്തല**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഓഗസ്റ്റ് മാസത്തിൽ വഞ്ചിയൂർ ട്രഷറിയിൽ നിന്നും വിരമിച്ച ജീവനക്കാരന്റെ ലോഗിൻ ഐ.ഡി.യും പാസ്‌വേഡും ഉപയോഗിച്ച് മറ്റൊരു ജീവനക്കാരൻ ട്രഷറിയിൽ നിന്നും പണം തട്ടിയെടുത്ത സംഭവം ട്രഷറി സോഫ്റ്റ്‌വെയറിലെ അടക്കമുള്ള പഴുതുകൾ വെളിപ്പെടുത്തുന്നതായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ ട്രഷറി പ്രവർത്തനം കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) അപ്രകാരം സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

*347 **ശ്രീ. എ. രാജ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് സുസ്ഥിര വികസന മാതൃകയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എനർജി മാനേജ്മെന്റ് സെന്റർ ഈ ദിശയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനായി നടപ്പാക്കുന്ന നൂതന പരിപാടികളെക്കുറിച്ച് വിശദമാക്കുമോ?

## സൂക്ഷ്മ – ചെറുകിട – ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി

*348 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ - ചെറുകിട - ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള

പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ നിലവിലെ സ്ഥിതിയെന്താണ്; വിശദമാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അലോട്ട്മെന്റിന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി അലോട്ട്മെന്റ് പോളിസിയിൽ പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>ടാക്സ് റിസർച്ച് യൂണിറ്റ്</u>

*349 **ശ്രീമതി കെ. കെ. രമ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ജി.എസ്.ടി. വരുമാനം നേടിയെടുക്കാനും പ്രസ്തുത നികുതി പിരിവ് കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തമിഴ്‌നാട് അടക്കമുള്ള സംസ്ഥാനങ്ങൾ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സമാനമായ രീതിയിൽ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>വ്യവസായ മേഖലയിലെ വിദ്യാർത്ഥി പങ്കാളിത്തം</u>

*350 **ശ്രീ. പി. വി. അൻവർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി. നന്ദകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാവസായിക മേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ ഗുണഫലങ്ങൾ വിദ്യാർത്ഥി സമൂഹത്തിനും ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) വ്യവസായ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സാങ്കേതിക മേഖലയിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ?

## <u>സഹകരണ വ്യവസായ പാർക്കുകൾ</u>

*351 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എം. എം. മണി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വ്യവസായ പാർക്കുകൾ എന്ന ആശയം പ്രാവർത്തികമാക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ഭൂപരിധിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നൽകുന്ന ഇളവുകൾ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സാമ്പത്തിക രംഗം മെച്ചപ്പെടുത്താൻ നടപടി</u>

*352 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സഹകരണ മേഖലയിലെയും വിദേശ മലയാളികളുടെയും നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ</u>

*353 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം - സഹകരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തിൽ കൺസ്യൂമർ ഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിലനിലവാരം നിയന്ത്രിക്കുന്നതിന് ഈ വർഷം ഉത്സവകാല മാർക്കറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്ന ശേഷം കൺസ്യൂമർ ഫെഡിന്റെ ആസ്തി, ബാധ്യതകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി</u>**

*354 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് പ്രതിവർഷം കയറ്റുമതി ചെയ്യുന്ന കൈത്തറി വസ്ത്രങ്ങളുടെ അളവിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ കയറ്റുമതിയിൽ ഇടിവ് ഉണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്രതീക്ഷിച്ച സാമ്പത്തിക നേട്ടമില്ലാത്തതും പരുത്തിയുടെ ഉയർന്ന വിലയും പുതുതലമുറ ഈ മേഖലയിലേക്ക് കടന്നുവരാത്തതും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വിതരണം</u>**

*355 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായി ശമ്പള വിതരണം നടത്തുന്നുണ്ടോ;

(ബി) കൃത്യമായി ശമ്പളം വിതരണം ചെയ്യാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>**

*356 **ശ്രീ എം മുകേഷ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഉൽപ്പാദനത്തിലും സംസ്കരണത്തിലും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മുഖാന്തിരം ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് നിന്നും കയറ്റുമതി ചെയ്യപ്പെടുന്ന കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ആകെ മൂല്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ഇ-വേ ബിൽ</u>

*357 **ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ നടപ്പാക്കുന്നതോടുകൂടി സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇ-വേ ബിൽ നടപ്പാക്കുന്നതിൽ സ്വർണ്ണ വ്യാപാരികൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്വർണ്ണ വ്യാപാര രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) സ്വർണ്ണത്തിന്റെ കള്ളക്കടത്ത് തടയുന്നതിനായി ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നത് വരെയുള്ള പ്രക്രിയയ്ക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ</u>

*358 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും കുത്തകകളുടെ ചൂഷണത്തിൽ നിന്ന് സംരക്ഷണമൊരുക്കുന്നതിനും കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രയോജനകരമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഗ്യാരണ്ടി കമ്മീഷൻ, രജിസ്ട്രേഷൻ ചാർജ് തുടങ്ങിയ ഇനങ്ങളിൽ കെ.എസ്.എഫ്.ഇ. സംസ്ഥാന സർക്കാരിലേക്ക് നൽകിയ തുകയെത്രയാണെന്ന് അറിയിക്കുമോ?

**<u>കരിമണൽ ഖനനം</u>**

*359 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ വി ജോയി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമണൽ അടക്കമുള്ള ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള സാധ്യത അവലോകനം നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഖനനാവകാശം പൊതുമേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ സ്വകാര്യമേഖലയ്ക്കുകൂടി ഖനനാവകാശം നൽകുന്നതിനായി പ്രസ്തുത നിയമം ഭേദഗതിചെയ്യാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ധാതുഖനനം സ്വകാര്യമേഖലയ്ക്ക് അനുവദിക്കപ്പെട്ടാൽ അത് സംസ്ഥാനത്തിന്റെ തീരമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലിയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ നടക്കുന്ന കരിമണൽ ഖനനം കൂടുതൽ ശാസ്ത്രീയവും ആധുനികവും ലാഭകരവുമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>വാണിജ്യ മേഖലയുടെ സമഗ്രവികസനം</u>**

*360 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരി സമൂഹത്തിന്റെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വ്യാപാര വാണിജ്യ മേഖലയുടെ സമഗ്ര വികസനത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ വാണിജ്യ വ്യാപാര മേഖലയിൽ ഉണ്ടാകുന്ന ഗുണങ്ങൾ വിശദമാക്കുമോ;

(സി) എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്ക് കൂടി നൽകുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 22, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].